പീരുമേട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

340 [372] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് ബന്ധപ്പെട്ട പി. ഡബ്ലിയു. ഡി. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ കെട്ടിടം പണിയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ; ബി) ഉണ്ട്. 1987.88 വർഷത്തിൽ ചെയ്യേണ്ട പണികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതാണ്.

നെയ്യാറിൻകരയിൽ ഒരു ഡിസ്ട്രിക്ട് ജയിൽ

341 [373] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകരയിൽ ഒരു ഡിസ്ട്രിക്ട് ജയിൽ പണിയുന്നതിനുവേണ്ടി നെയ്യാറിൻകര മുനിസിപ്പാലിറ്റി വക ഒരേക്കർ സ്ഥലം ജയിൽ വകുപ്പിന് കൈമാറിയിട്ട് എത്രകാലമായി എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ജയിലിനുവേണ്ടി കെട്ടിടങ്ങൾ പണിയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറിൻകരയിൽ സബ് ജയിൽ പണിയുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുത്തിട്ട് രണ്ടുവർഷവും രണ്ടുമാസവും ആയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) എട്ടാം ധനകാര്യ കമ്മീഷന്റെ സഹായപദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ ജയിൽ കെട്ടിടം പണിയുന്നതിന് 17 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

പീരുമേട് സബ് ജയിലിന് കാർട്ടേഴ്സ്

342 [374] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് സബ് ജയിലിന് കാർട്ടേഴ്സുകൾ പണിയുന്നതിനുള്ള എസ്റ്റിമേറ്റുകൾ പി. ഡബ്ലിയു. ഡി. എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly